**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3157** **07-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ അവണൂർ, മുളങ്കുന്നത്തുകാവ്, കോലഴി, അടാട്ട്, തെക്കുംകര, കൈപ്പറമ്പ്, തോളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി പഞ്ചായത്തിൽ 32.75 കി.മീറ്റർ റോഡ് കുഴിക്കുകയും 1.2 കി.മീറ്റർ ഭാഗികമായി പുനരുദ്ധാരണവും ചെയ്തിട്ടുണ്ട്.<br><br>അടാട്ട് പഞ്ചായത്തിൽ 49 കി.മീറ്ററോളം റോഡ് കുഴിയെടുക്കുകയും ആയതിൽ 22 കി.മീറ്റർ പൂർണ്ണമായും 14 കി.മീറ്റർ ഭാഗികമായും പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.<br><br>മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ 5.8 കി.മീറ്റർ പൈപ്പ് ലൈൻ ഇടാനായി റോഡ് കുഴിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യാനുണ്ട്. മേൽ പറഞ്ഞ പഞ്ചായത്തുകളിൽ പി.ഡബ്ല്യു.ഡി റോഡിൽ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനായി തുക പി.ഡബ്ല്യു.ഡിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട്.<br><br>തെക്കുംകര പഞ്ചായത്തിനുകീഴിലെ 23 കി.മീറ്റർ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഈ റോഡുകളെല്ലാം തന്നെ wet mix GSB എന്നിവ ഉപയോഗിച്ച് റീസ്റ്റോർ ചെയ്തിട്ടുണ്ട്. രണ്ട് പി.ഡബ്ല്യു.ഡി. റോഡുകൾ ക്രോസ്സിംഗ് ചെയ്തിട്ടുണ്ട്. ആയത് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.<br><br>അവണൂർ പഞ്ചായത്തിലെ പ്രവൃത്തികളിൽ 15 കി മീ ദൂരത്തിൽ റോഡ് റെസ്റ്റോറേഷൻ ചെയ്തിട്ടുണ്ട്. കൈപ്പറമ്പ് പഞ്ചായത്തിൽ 50 കി മീ പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും റോഡ് റെസ്റ്റോറേഷൻ ചെയ്തിട്ടില്ല. തോളൂർ പഞ്ചായത്തിൽ 8 കി മീ പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും റോഡ് റെസ്റ്റോറേഷൻ ചെയ്യാനുണ്ട്. അവണൂർ പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി 85.9 km ദൂരം പഞ്ചായത്ത് റോഡ് പൊളിച്ചതിൽ 19.4 km ടാറിങ് |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളും 30 km GSB പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>PWD റോഡിൽ 10.54 km ദൂരമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചിട്ടുള്ളത്. അതിൽ 6.56 km ദൂരം PWD തന്നെ നടത്തേണ്ടതും 3.98 km ദൂരം വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ നടത്തേണ്ടതും ആണ്.<br><br>കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 50.9 km പഞ്ചായത്ത് റോഡും 3 km PWD റോഡും പൊളിച്ചിട്ടുണ്ട് .PWD റോഡിൽ 1.5. km ദൂരമാണ് വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ നടത്തേണ്ടത് .<br><br>തോളൂർ ഗ്രാമ പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനായി 8 km പഞ്ചായത്ത് റോഡാണ് പൊളിച്ചിട്ടുള്ളത്. ആയത് റെസ്റ്റോറേഷൻ നടത്തിയിട്ടില്ല.<br><br>പഞ്ചായത്ത് റോഡുകളിൽ കരാറുകാർ റോഡ് റീസ്റ്റോറേഷൻ ചെയ്യാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ടി പ്രവൃത്തി ചെയ്ത് ആയതിന്റെ ബിൽ ജെ. ജെ.എം PFMS ൽ സമർപ്പിക്കുമ്പോൾ ഫണ്ട് ലഭ്യതക്കനുസരിച്ച് ജെ.ജെ.എം സീനിയോറിറ്റി അടിസ്ഥാനത്തിൽ ബിൽ തുക ലഭ്യമാകും. |
| (ബി) | അവണൂർ-മുണ്ടൂർ ബി. എം. & ബി. സി. റോഡിലെ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവണൂർ മുണ്ടൂർ BM BC റോഡിൽ Ch 0/327 മുതൽ 3/100 വരെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പൈപ്പ് സ്ഥാപിക്കുകയും എന്നാൽ റെസ്റ്റോറേഷൻ നടത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അപകടാവസ്ഥയിലുള്ള 7 ക്രോസിങ്ങുകൾ അടിയന്തിരമായി റെസ്റ്റോർ ചെയ്യുന്നതിന് Risk and Cost ൽ പ്രവൃത്തി ഏർപ്പാടാക്കുകയും ക്രോസിങ് പ്രവൃത്തികളിലെ GSB /WMM പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കാത്ത കരാറുകാരുടെയും അവർക്കെതിരായി സ്വീകരിച്ച നടപടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | <u>അവണൂർ, മുളംകുന്നത്തുകാവ് പഞ്ചായത്തുകൾ</u><br><br>കരാർ സ്ഥാപനമായ M/s. Om Dhar Engineering Pvt. Ltd., Hyderabad പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് 2025 മാർച്ചിൽ final termination notice to arrange balance work at the risk & cost നൽകി ഇതിനെതിരെ കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ചു. വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഒരു ഹിയറിംഗ് നടത്തി തീരുമാനമെടുക്കുവാനുള്ള കോടതി ഉത്തരവിനെ തുടർന്ന്, സെപ്റ്റംബർ 30-നകം പ്രവൃത്തിയിൽ ആവശ്യമുള്ള പുരോഗതി സ്വീകരിക്കുവാൻ മാനേജിംഗ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർ നിർദ്ദേശം നൽകി. അല്ലാത്ത പക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടികൾ (final termination notice to arrange balance work at the risk & cost) തുടരുവാനും Managing Director നിർദ്ദേശിച്ചു. നാട്ടിക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് അടിസ്ഥാനമാക്കി തുടർനടപടികൾ തൃശ്ശൂർ സൂപ്രണ്ടിങ് എൻജിനീയറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്.<br><br><u>കോലഴി പഞ്ചായത്ത്</u><br><br>കരാർ സ്ഥാപനമായ M/s. Om Dhar Engineering Pvt. Ltd., Hyderabad പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് ഈ കാര്യാലയത്തിൽ നിന്ന് 2025, ഏപ്രിൽ balance work at the risk & cost of contractor ഉത്തരവ് നൽകി ഇതിനെതിരെ കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ചു. കോടതി risk & cost നടപടികൾ stay ചെയ്തു. risk & cost നടപടികൾ കൂടാതെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br><u>തോളൂർ പഞ്ചായത്ത്</u><br><br>കരാർ സ്ഥാപനമായ M/s. Vigneswar Air Conditioning Pvt. Ltd. പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് 1,22,34,708/- രൂപ പിഴ ചുമത്തി 30.12.2025 വരെ പ്രവൃത്തി സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | കരാറുകാരനെ ടെർമിനേറ്റ് ചെയ്തതിനെ തുടർന്ന് നിലച്ചുപോയ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച പുനർക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | <u>അവണ്ണൂർ, മുളംകുന്നത്തുകാവ് പഞ്ചായത്തുകൾ</u><br><br>കരാർ സ്ഥാപനമായ M/s. Om Dhar Engineering Pvt. Ltd., Hyderabad പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് 2025 മാർച്ചിൽ final termination notice to arrange balance work at the risk & cost നൽകി ഇതിനെതിരെ കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ചു. വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഒരു ഹിയറിംഗ് നടത്തി തീരുമാനമെടുക്കുവാനുള്ള കോടതി ഉത്തരവിനെ തുടർന്ന്, സെപ്റ്റംബർ 30-നകം പ്രവൃത്തിയിൽ ആവശ്യമുള്ള പുരോഗതി സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകി. അല്ലാത്ത പക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടികൾ (final termination notice to arrange balance work at the risk & cost) തുടരുവാനും Managing Director നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| | | | നാട്ടിക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് അടിസ്ഥാനമാക്കി തുടർനടപടികൾ തൃശ്ശൂർ സൂപ്രണ്ടിങ് എൻജിനീയറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്.<br><br><u>കോലഴി പഞ്ചായത്ത്</u><br><br>കരാർ സ്ഥാപനമായ M/s. Om Dhar Engineering Pvt. Ltd., Hyderabad പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് ഈ കാര്യാലയത്തിൽ നിന്ന് 2025, ഏപ്രിൽ balance work at the risk & cost of contractor ഉത്തരവ് നൽകി ഇതിനെതിരെ കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ചു. കോടതി risk & cost നടപടികൾ stay ചെയ്തു. risk & cost നടപടികൾ കൂടാതെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br><u>തോളൂർ പഞ്ചായത്ത്</u><br><br>കരാർ സ്ഥാപനമായ M/s. Vigneswar Air Conditioning Pvt. Ltd. പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് 1,22,34,708/- രൂപ പിഴ ചുമത്തി 30.12.2025 വരെ പ്രവൃത്തി സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ഇ) | ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രവൃത്തിയിൽ പുരോഗതി കൈവരിക്കാത്ത കരാറുകാർക്ക് പിഴ ചുമത്തുകയും final termination notice to arrange balance work at the risk & cost നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.<br><br>പഞ്ചായത്ത് റോഡുകളിൽ കരാറുകാർ റോഡ് റീസ്റ്റോറേഷൻ ചെയ്യാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ടി പ്രവൃത്തി ചെയ്ത് ആയതിൻറെ ബിൽ ജെ.ജെ.എം PFMS ൽ സമർപ്പിക്കുമ്പോൾ ഫണ്ട് ലഭ്യതക്കനുസരിച്ചു ജെ.ജെ.എം സീനിയോറിറ്റി അടിസ്ഥാനത്തിൽ ബിൽ തുക ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ